# ADDRESS OF THE KHALIFATULLAH

## Hazrat Khalifatullah Munir Ahmad Azim (A)

## On the Manifestation of the 28 Sept. 2016 Rare Eclipse of the Moon: Super Blood Moon (Super Moon & Blood Moon)

## 03 October 2015

**2015 സെപ്റ്റംബർ 27 – 28 തീയതികളിലുണ്ടായ അത്യപൂർവ്വ ചന്ദ്രഗ്രഹണത്തെക്കുറിച്ച് ഖലീഫത്തുല്ലാഹ് ഹസ്രത് മുനീർ അഹ്മദ് അസിം (അ)നടത്തിയ പ്രഭാഷണം.**

സംശയമില്ല, നമ്മടെ ഭൂമി മരിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ദിനവും പിന്നിടുന്തോറും, ഓരോ മണിക്കൂറും പിൻവാങ്ങുമ്പോഴും ഭൂമി അതിന്റെ അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരും സമസ്തജീവജാലങ്ങളും അവയുടെ അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതുപോലെ. ആ അന്ത്യനിമിഷം എപ്പോഴാണ് സംഭവിക്കുക എന്നത് കൃത്യമായി പറയുവാൻ ഒരാൾക്കും കഴിയുകയില്ല. ഇതുസബന്ധമായ അറിവ് സർവ്വശക്തനായ അല്ലാഹുവിന്റെ പക്കൽ മാത്രമാണുള്ളത്, ആ അറിവ് സർവ്വശക്തനായ അല്ലാഹുവിന്റെ പക്കൽ മാത്രമാണുള്ളത്, ആ അറിവ് മറ്റാർക്കും അവൻ പകർന്ന് നല്കിയിട്ടുമില്ല. തന്റെ ഏറ്റവും അടുത്ത, തന്റെ ഏറ്റവും പ്രിയങ്കരനായ സൃഷ്ടികളുടെ മകുടമായ പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) നോടു പോലും !

**<u>ആ അന്ത്യ നിമിഷം / ആ വിധി ദിനം എന്താണ് ?</u>**

വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) വ്യക്തമായി പ്രസ്താവിക്കുന്നു - **ആ (നിശ്ചിത) സമയത്തെക്കുറിച്ച് – അത് എപ്പോഴാണ് വന്നെത്തുകയെന്ന് – അവർ നിന്നോട് ചോദിക്കുന്നു. പറയുക, അതിനെ സംബന്ധിച്ച അറിവ് എന്റെ നാഥന്റെ പക്കൽ മാത്രമാണ്. അതിന്റെ സമയത്ത് അവനല്ലാതെ (മറ്റാരും) അത് വെളിപ്പെടുത്തുകയില്ല. ആകാശങ്ങളിലും ഭൂമിയിലും അത് ഭാരിച്ചു കിടക്കുന്നതാണ്. അത് നിങ്ങളുടെയടുക്കൽ പെട്ടെന്നല്ലാതെ വരുകയില്ല. നീ അത് സംബന്ധമായി നല്ലതുപോലെ അറിയുന്നവനാണെന്ന ഭാവത്തിൽ അവർ നിന്നോട് ചോദിക്കുന്നു. പറയുക, അതിനെ സംബന്ധിച്ച അറിവ് അല്ലാഹുവിങ്കൽ മാത്രമാണ്. എന്നാൽ മനുഷ്യരിൽ അധികം പേരും അറിയുന്നില്ല. ...** (7 : 188)

.. **ജനങ്ങൾ ആ (അന്ത്യ) സമയത്തെക്കുറിച്ച് നിന്നോട് ചോദിക്കുന്നു. അതിനെകുറിച്ചുള്ള അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാണെന്ന് നീ പറയുക (അതിനെ സംബന്ധിച്ച്) നിനക്ക് അറിവ് നല്കുന്നതെന്താണ് ? ആ സമയം ആസന്നമാണെന്നു വന്നേക്കാം** (33:64)

ബൈബിളും ആ സമയത്തെക്കുറിച്ച് അറിയുന്നവൻ സർവ്വശക്തനായ ദൈവം മാത്രമാണെന്ന് പ്രഘോഷിക്കുന്നു. ആ സമയത്തെകുറിച്ച് ആരെങ്കിലും പ്രവചനം ചെയ്താൽ തനിക്ക് അറിയാമെന്ന് പറഞ്ഞാൽ അത് ദൈവ വാക്കിന് വിപരിതമാകുന്നു.

**ആ ദിനത്തെ സംബന്ധിച്ച്, ആ മണിക്കൂറിനെ സംബന്ധിച്ച്, ആകാശങ്ങളിലെ മാലാഖമാർക്കു പോലും അറിയില്ല. എന്നാൽ അത് അറിയുന്നവൻ (സർവ്വശക്തനായ) പിതാവ് മാത്രം ആകുന്നു. (മത്തായി 24 : 36)** ആ വിധി നാളിനെ പറ്റി, അഥവാ വിധി സമയത്തെ പറ്റി, പല നിലയിലും വ്യാഖ്യാനിക്കാം, എന്നാൽ ഞാൻ ഇവിടെ പറയുന്നത്, ആ അന്തിമ നാശം, ഭൂമിയുടെയും ഭൂവാസികളുടെയും ! അല്ലാഹു (ത) പറയുന്നു. **മനുഷ്യരെ നിങ്ങളുടെ നാഥനെ സൂക്ഷിച്ചുകൊള്ളുക. ആ നിശ്ചിത സമയത്തെ പ്രകമ്പനം ഒരു ഭയങ്കര സംഭവം തന്നെയാണ്** (22 : 2)

ഓരോ മനുഷ്യനും അവന്റേതായ അന്തിമ സമയമുണ്ട് . അവന്റെ മരണമാണ് അവന്റെ അന്തിമ സമയം. ഒരേ വിധം ഒരു ഭൂകമ്പം പോലെ മരണമായി വരുന്നു. ഓരോ ദിവസവും ലക്ഷക്കണക്കിനാളുകൾ മരിക്കുന്നു. അവരെ സംബന്ധിച്ചടത്തോളം അത് അവരുടെ അന്തിമ സമയം തന്നെയാണ്, അത് അവരുടെ പരലോക യാത്രയിലേക്കുള്ള നടപടി ആരംഭിക്കുകയായി. അവരുടെ രക്ഷിതാവിന്റെ മുന്നിൽ അവരുടെ വിധി ആരംഭിക്കുകയായി.

## 2015 സെപ്റ്റംബർ 27 – 28 തീയതികളിലുണ്ടായ അത്യപൂർവ്വമായ ചന്ദ്രഗ്രഹണം

ആ സമയ സമീപനത്തിന്റെ അനേകം അടയാളങ്ങളിൽ, സർവ്വശക്തനായ ദൈവം, മനുഷ്യന് വിശിഷ്യ സത്യ വിശ്വാസികൾക്ക് അവന്റെ വഴികളും കല്പനകളും അംഗീകരിക്കുന്നവർക്ക്, അവർക്ക് അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് അവരിൽ കൂടുതൽ സംസ്കരണം നടത്തുന്നതിനായി ചില പ്രത്യേക അടയാളങ്ങൾ നല്കിയിട്ടുണ്ട്. അതിൽപ്പെട്ടതാണ് പെട്ടന്നുണ്ടാകുന്ന ആ സമയം ! അല്ലാഹു (ത) പറയുന്നു. **പുനരുത്ഥാനം എപ്പോഴാണെന്ന് അവൻ ചോദിക്കുന്നു. എന്നാൽ ദൃഷ്ടികൾ സ്തബ്ദിച്ച് പോവുകയും ചന്ദ്രന് ഗ്രഹണമുണ്ടാവുകയും, സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിക്കുന്ന കാര്യത്തിൽ ഒരുമിച്ച് കൂട്ടപെടുകയും ചെയ്താൽ (75 : 7 – 10)**

ബൈബിൾ പറയുന്നു **ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങൾ കാണിക്കും രക്തവും തീയും പുകത്തൂണും തന്നെ. യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുന്നതിന് മുൻപ് സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറി പോകും യോവേൽ (2 : 30 – 31)**

**യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുന്നതിന് മുമ്പ് സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും (അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ 2 : 20)**

ര് വർഷം മുമ്പ് 2013 നവംബർ 2 ന് (ദുൽഹിജജ് 28, 1434 ഹിജ്‌രി) ഞാനൊരു ചെറു പ്രഭാഷണം നടത്തുകയുണ്ടായി. തമിഴ്, ഹിന്ദു വിശ്വാസകളിലുള്ള അനുമാനത്തെക്കുറിച്ച്, അതായത് ദീപങ്ങളുടെ ആഘോഷമായ, ദീപാവലി ദിനത്തിൽ, അതായത് 2013 നവംബർ 03 ഞായറാഴ്ച, പൂർണ്ണമായ അഥവാ സങ്കരസൂര്യഗ്രഹണമുണ്ടാകുന്നതിനെകുറിച്ച് !

ഇപ്പോൾ, 2015 സെപ്റ്റംബർ 27 ഞായറാഴ്ച രാത്രി മുതൽ 28 തിങ്കളാഴ്ച വരെ പൂർണ്ണ ചന്ദ്രൻ ഭൂമിക്ക് നിഴലേകി കൊണ്ട് കടന്നുപോയി. സെപ്തംബർ 27 ഞായറാഴ്ച വൈകിട്ടോടെ, അതായത് സൂര്യാസ്തമയത്തിന് തൊട്ടുമുമ്പ്, സുന്ദരവും, വലുതുമായ, പൂർണ്ണ ചന്ദ്രൻ ചക്രവാളത്തിലുയർന്നു. മഹാചന്ദ്രഗ്രഹണ പ്രതിഭാസത്തിന് തുടക്കം കുറിക്കുകയുണ്ടായി.

### ചാന്ദ്രിക ടെറ്ററാഡ് (2014 – 2015)

രണ്ടു വർഷങ്ങളിൽ ചാന്ദ്രിക ടെറ്ററാഡ് സംഭവിക്കുകയുണ്ടായി. ടെറ്ററാഡ് എന്നാൽ, നാല് പൂർണ്ണഗ്രഹണങ്ങൾ, രണ്ടു വർഷത്തിനിടയിൽ സംഭവിക്കുക. ഇത് പ്രത്രേകിച്ച് ജൂതന്മാരുടെ ചിന്തയെ ഉണർത്തി. കാരണം ചന്ദ്രടെറ്ററാഡ് (തെളിച്ചു പറഞ്ഞാൽ രക്തചന്ദ്രന്മാർ) പ്രകടമായത് ജൂതന്മാരുടെ പുണ്യദിനങ്ങളിലായിരുന്നു. ഇതിൽ ഏറ്റവും എടുത്തു പറയേണ്ട കാര്യം, ഈ നാല് രക്തചന്ദ്രന്മാരുടെയും ഇടയിൽ, പൂർണ്ണ സൂര്യഗ്രഹണമുണ്ടായി എന്നതാണ്. (20 മാർച്ച് 2015) ഈ പൂർണ്ണഗ്രഹണങ്ങളുടെ മാതൃക താഴെപറയും പ്രകാരമാണ്. ചന്ദ്രഗ്രഹണം 15 ഏപ്രിൽ 2014 (ജൂദാഘോഷമായ പാസ്സാവർദിനത്തിൽ) ചന്ദ്രഗ്രഹണം 8 ഒക്ടോബർ 2014 (ജൂദാഘോഷമായ സക്കോത് ദിനത്തിൽ) സൂര്യഗ്രഹണം 20 മാർച്ച് 2015 (മതവർഷം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ്) ചന്ദ്രഗ്രഹണം 4 ഏപ്രിൽ 2015 (ജൂത പാസ്സോവർ ദിനത്തിൽ), ചന്ദ്രഗ്രഹണം (വലിയ രക്തചന്ദ്രൻ) 28 സെപ്തംബർ 2015 (സക്കോത്ത് ദിനത്തിൽ) സൂര്യഗ്രഹണം 20 മാർച്ച് 2015 (മതവർഷം ആരംഭിക്കുന്നതിന് തൊട്ടു മുൻപ്), ചന്ദ്രഗ്രഹണം 4 ഏപ്രിൽ 2015(ജൂത പാസ്സോവർ ദിനത്തിൽ) വീണ്ടും ചന്ദ്രഗ്രഹണം (വലിയ രക്തചന്ദ്രൻ) 28 സെപ്തംബർ 2015 (സക്കോത്ത് ദിനത്തിൽ)

### ആ സമയത്തിന്റെ അടയാളവും വാഗ്ദാനം ചെയ്യപ്പെട്ടവന്റെ ആഗമനവും

**പുനരുത്ഥാന നാൾ എപ്പോഴാണെന്ന് അവൻ ചോദിക്കുന്നു. എന്നാൽ ദൃഷ്ടികൾ സ്തംഭിച്ചു പോവുകയും, ചന്ദ്രന് ഗ്രഹണമുണ്ടാവുകയും, സൂര്യനും ചന്ദ്രനും, ഗ്രഹണം സംഭവിക്കുന്ന കാര്യത്തിൽ) ഒരു മിച്ചു കൂട്ടപ്പെടുകയും ചെയ്താൽ**

വിശുദ്ധഖുർആനിലെ ഈ വചനത്തിൽ ഒരു പ്രവചനം നടത്തിയിരിക്കുകയാണ്. വാനലോകത്തിന്റെ അടയാളങ്ങളിൽപെട്ടതാണ് ചന്ദ്രസൂര്യഗ്രഹണങ്ങൾ ഒരുമിച്ചു സംഭവിക്കുന്ന സമയത്ത് ഒരു ദൈവ ദൂതന്റെ വരവ് ഉണ്ടാവുക എന്നത് ! ബൈബിളും മറ്റു വേദപുസ്തകങ്ങളും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അനേകം ദൃഷ്ടാന്തങ്ങൾ ദൈവം വെളിപ്പെടുത്തുന്നതാണ് തന്റെ ദൂതന്റെ സത്യത വെളിപ്പെടുത്തുവാനായി ! ദൈവദൂതൻ എന്നുപറഞ്ഞാൽ, മറ്റു പ്രവാചകന്മാരെ പോലെ ദൈവീക വെളിപാടുകൾ ലഭിക്കുന്ന ആളാണ്. ഇസ്ലാമിന്റെ ആഗമനത്തോടെ മനുഷ്യന്റെ മതം സമ്പൂർണ്ണമായിട്ടുണ്ട്, എന്നാൽ ദൈവം പരിഷ്ക്കർത്താക്കളേയും പ്രവാചകന്മാരെയും, ഇസ്ലാമിനെ സംരക്ഷിക്കുവാനായി കഠിന ഉത്തരവാദിത്വവുമായി നിയോഗിക്കുന്നതാണ്. അത് വിധിനാൾവരെയും തുടരുന്നതുമാണ്. ഈ പരിഷ്ക്കർത്താകൾക്ക്, ദൂതന്മാർക്ക് ഒരു പുതിയ മതം സൃഷ്ടിക്കുവാനുള്ള അനുവാദമില്ല. എന്നാൽ മനുഷ്യ കൈകടത്തലുകൾക്ക് അതീതമായ, സംശുദ്ധമായ വെളിപാടുഗ്രന്ഥമായ വിശുദ്ധഖുർആന് പരിവർത്തന വിധേയമല്ലാത്ത കാര്യങ്ങൾ സമർപ്പിക്കുക എന്നതു മാത്രമാണ് അവരുടെ ഉത്തരവാദിത്വം.

ദൈവീക നിർദ്ദേശങ്ങൾ പിന്തുടുരുകയും പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) യുടെ പ്രവാചകത്വത്തിന്റെ സർവ്വദേശീയതക്ക് അനുയോജ്യമായ നിലയിൽ പ്രവാചക പരിഷ്ക്കർത്താവ് തന്റെ കാലത്ത് ലോകത്തോടു പ്രഖ്യാപിക്കുന്നതാണ്. എല്ലാ മഹത്തായ മതങ്ങളിലും ആഗതരായിട്ടുള്ള എല്ലാ പ്രവാചകൻമാരെയും പ്രതിനിധികരിച്ച്, തന്നെ ദൈവം, നിയോഗിച്ചിരിക്കുകയാണ് എന്ന് ! മറ്റൊരു വാക്കിൽ പറഞ്ഞാൽ ആഗതൻ ഇസ്ലാമിന്റെ പ്രവാചകന്റെ കാലടികൾ പിന്തുടരുന്നതാണ്. ആ മതം പഠിപ്പിക്കുന്നു, ആ മതത്തിന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നു. പ്രവാചകൻമാർക്കിടയിൽ ഒരു വ്യത്യാസവും കല്പിക്കാതെ എല്ലാ പ്രവാചകൻമാരിലും വിശ്വസിക്കൽ, ഇസ്ലാം മതത്തിൽ നിർബന്ധമായ കാര്യമാണ്.

ഒരു പരിഷ്കർത്താവ് തന്റെ തന്നെ പ്രവചനങ്ങളുടെ ഒരു വിളവ് ലോകത്തിന്റെ മുമ്പിൽ കാഴ്ച്ചവെയ്ക്കുന്നു. അതിൽ ചിലത് തന്റെ കാലത്ത് തന്നെ പൂർത്തിയാകുന്നതാണ്. മറ്റുള്ളത് പിന്നീട് പൂർത്തിയാകുന്നതാണ്. പ്രവചനങ്ങളിൽ ചിലത് വിധി നാൾവരേക്കും പൂർത്തിയാകാവുന്നതുമായിരിക്കും. സർവ്വശക്തനും, സർവ്വവ്യാപിയും ആയ ദൈവം എപ്പോഴും തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതാണ്. തന്റെ നിഷ്കളങ്ക സേവകൻമാരെ സ്നേഹവായ്പോടെ സ്വീകരിക്കുന്നതാണ്. അവന്റെ തന്നെ വാഗ്ദാനമനുസരിച്ചും, പരിശുദ്ധപ്രവാചകന്റെ പ്രവചനമനുസരിച്ചും.!

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ നൂറ്റാണ്ടിൽ ആ നിലയിൽ വന്ന ആളാണ് ഞാൻ, കഴിഞ്ഞു കടന്ന പ്രവാചകൻമാരെയും പരിഷ്ക്കർത്താക്കളെയും സത്യപ്പെടുത്തുവാനും, തന്റെ ശരീരം കൊണ്ടും ആത്മാവും കൊണ്ടും അല്ലാഹുവിന്റെ മതത്തെ പ്രകാശിപ്പിക്കുവാനും അവന്റെ ഏകത്വത്തെ ലോകമെങ്ങും പ്രഘോഷിപ്പിക്കുവാനും ! ഇത് സംബന്ധമായി അല്ലാഹു (ത) എനിക്ക് അനേകം വെളിപാടുകൾ നൽകിയിട്ടുണ്ട്, അതിൽ വ്യക്തമായി എന്റെ ദൗത്യം എന്ത് എന്ന് പ്രതിപാദിക്കുന്നു, 2003 മുതൽ എന്നോട് കല്പിച്ചിരിക്കുന്നു ഈ ദൗത്യത്തെ പ്രഖ്യാപിക്കുവാൻ, എന്റെ തിരിച്ചറിയൽ രേഖ ഞാൻ ലോകത്തിനു വേണ്ടിയുള്ള ദൈവദൂതനും തെരഞ്ഞെടുക്കപ്പെട്ടതിൽ പ്രമുഖനുമാകുന്നു എന്നതാണ്.

ഒരു പരിഷ്കർത്താവിന്റെ ഔദ്യോഗിക വാദത്തിന് പിൻബലമായി അനേകം തെളിവുകളും അനേകം ദൈവീക അടയാളങ്ങളുമുണ്ട്. 2003 നവംബറിൽ പ്രകടമായ. സൂര്യചന്ദ്രഗ്രഹണങ്ങൾ കൂടാതെ, 2015 സെപ്തംബർ 28 തിങ്കളാഴ്ച സമ്പൂർണ്ണ വലിയ ചന്ദ്രഗ്രഹണം ഉണ്ടായി. അതും എന്റെ വരവിന്റെ അടയാളത്തെ പിൻതാങ്ങുന്നതാണ്, ഈ അടയാളം മുസ്ലീങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല. മറിച്ച് ഭൂമിയിലുള്ള സകല മനുഷ്യർക്കുവേണ്ടിയുള്ളതാണ്. സർവ്വശക്തനായ ദൈവം എത്ര മഹോന്നതനാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ അവർക്ക് അവൻ ഒരു തെളിവ് നൽകിയിരിക്കുകയാണ്. ഒരിക്കൽ അല്ല, പല പ്രാവശ്യം ! ഈ നൂറ്റാണ്ടിന് തുടക്കം കുറിച്ച ശേഷം !

ഇത്തരം ഗ്രഹണദൃഷ്ടാന്തങ്ങൾ, ഈ നൂറ്റാണ്ടിൽ സംഭവിച്ചത്, അല്ലാഹുവിന്റെ വീനിത സേവകനായ (ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയുടെ) സത്യതയിലേക്കുള്ള തെളിവാണ്. അങ്ങനെ കിഴക്കും പടിഞ്ഞാറുമുള്ള ജനങ്ങൾ മുൻകാലങ്ങളിലും ഇപ്പോഴും ദൈവത്തിന്റെ ശക്തി പ്രകടനത്തിന് സാക്ഷ്യകൾ ആകാനും ഈ വീനിത ദൈവദാസന്റെ സത്യതപ്രകടമാക്കുവാനുമാണ്. ഈ പ്രത്യേക അടയാളങ്ങൾ പ്രകൃതി പ്രതിഭാസങ്ങൾ ആണ് എന്ന് അനേകം ആളുകൾ അവകാശപ്പെടുന്നുണ്ട്. സൂര്യ ചന്ദ്രഗ്രഹണങ്ങളിലൂടെ ദൈവം തെരഞ്ഞടുത്തവരുടെ സത്യം തെളിയിക്കാൻ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) (1894) (വ്യാഴാഴ്ച മാർച്ച് 21, വെള്ളിയാഴ്ച 06, ഏപ്രിൽ) നും അല്ലാഹുവിന്റെ വിനീത സേവകനായ ഖലീഫത്തുല്ലാഹ് ആയ എനിക്കും , ഹിജ്റ 15 –ാം നൂറ്റാണ്ടിലെ തുടക്കത്തിലും ഈയിടെ യഥാക്രമം 2003 നവംബർ 9 നും 23 നും, അല്ലാതെ മറ്റാർക്കുമുണ്ടായിട്ടില്ല. വാദിയുടെ വാദത്തെ പറ്റി വസ്തുനിഷ്ഠമായി ചിന്തിക്കുവാൻ ഇതു ധാരാളം മതി. ഈ വീനിതൻ തികഞ്ഞ ഉറപ്പോടെ ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്, നിങ്ങൾക്ക് സന്ദേശം കൊണ്ടത്തിച്ചിരിക്കുന്നു. ഈ സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ സൂര്യനും ചന്ദ്രനും തയ്യാറായി. വാനലോക അടയാളങ്ങൾ തുടരുന്നു. ഭൂവാസികൾക്കെല്ലാം, എല്ലാവിഭാങ്ങളിൽപ്പെട്ടവർക്കും ചിന്തിക്കുവാൻ ഒരു അവസരം! കാത്തിരുന്നവന്റെ ആഗമനം ഉണ്ടായിരിക്കുന്നു!. അവനോ അവരെ അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുന്നു.

യഥാർത്ഥ സത്യാന്വേഷകരുടെ ഹൃദയങ്ങൾ അല്ലാഹു (ത) തുറക്കട്ടെ ! ദൈവിക സത്യത്തിനു വേണ്ടി നിഷ്കളങ്കമായി അന്വേഷിക്കുന്നവർക്ക് ! ഈ നൂറ്റാണ്ടിലെ അനുഗ്രഹങ്ങൾ അവർക്ക് ലഭ്യമാകട്ടെ! ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയുടെ, ഈ വിനീതന്റെ, തെരഞ്ഞടുക്കപ്പെട്ട അനുചരവൃന്ദത്തിൽ അവർക്ക് ഇടം ലഭിക്കട്ടെ! ആമീൻ

03 ഒക്ടോബർ 2015

(19 ദുൽഹിജ്ജ് 1436 ഹിജ്രി)

**Translated By:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**